അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉറപ്പ് നൽകിയതാണ്. ഇപ്പോൾ 2000 മാർച്ച് കഴിഞ്ഞു. ബാബുപോൾ കമ്മീഷൻ റിപ്പോർട്ട് വന്നിട്ട് ഇപ്പോൾ ഒന്നരവർഷമായി. ഈ ബാബുപോൾതന്നെ ആ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായും വന്നു. ഇതുവരെ കാര്യങ്ങൾ നടന്നിട്ടില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു സമരത്തിന് അവർ ഇറങ്ങേണ്ടി വന്നത്. ഇപ്പോൾ ഇവർ ബഹുമാനപ്പെട്ട തദ്ദേശ വകുപ്പുമന്ത്രിയുടെ കീഴിലാണ്. ജനകീയാസൂത്രണ മുൾപ്പെടെയുള്ള ഒട്ടേറെ കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുന്നുമുണ്ട്. അതുകൊണ്ട് അവരുടെ ആവശ്യങ്ങളിന്മേൽ വളരെ അനുഭാവപൂർവ്വമായ തീരുമാനമെടുക്കണം. ഗവൺമെന്റ് നൽകിയ ഉറപ്പ് അതുപോലെ തന്നെ നടപ്പാക്കിക്കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, വി.ഇ.ഒ, എൽ.വി.ഇ.ഒ. മാരേയും മറ്റ് എക്സ്റ്റെൻഷൻ ഓഫീസർമാരേയും സാങ്കേതിക വിഭാഗം ജീവനക്കാരായി അംഗീകരിച്ച് അടിസ്ഥാന ശമ്പളം വർദ്ധിപ്പിക്കുക, ബാബുപോൾ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് 2000 മാർച്ച് മാസം 22-ാം തീയതി രാവിലെ 11.00 മണിക്ക് കേരള കമ്മ്യൂണിറ്റി ഡെവലപ്മെന്റ് എക്സ്റ്റെൻഷൻ ഓഫീസേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജീവനക്കാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുമെന്ന് കാണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. വി.ഇ.ഒ, എൽ.വി.ഇ.ഒ. മാരേയും മറ്റ് എക്സ്റ്റെൻഷൻ ഓഫീസർമാരേയും സാങ്കേതിക ജീവനക്കാരായി അംഗീകരിച്ച് അടിസ്ഥാന ശമ്പളം വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാർ മുൻപ് ഗഹനമായി പരിശോധിച്ചിട്ടുള്ളതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ ചെയ്യുന്ന ജോലി സാങ്കേതിക സ്വഭാവമുള്ളതല്ല. അതിനാൽ ഈ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ല. ബാബുപോൾ കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കുകയെന്നുള്ളതാണ് രണ്ടാമത്തെ ആവശ്യം. ഗ്രാമവികസന വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും വിവിധ ആവശ്യങ്ങൾ പരിശോധിച്ചശേഷം സ്പെഷ്യൽ ഓഫീസർ ബാബുപോൾ സമർപ്പിച്ച റിപ്പോർട്ടിൽ വി.ഇ.ഒ., എൽ.വി.ഇ.ഒ. എക്സ്റ്റെൻഷൻ ഓഫീസർമാർ എന്നിവരെ സംബന്ധിച്ച ശുപാർശകളുമുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശകളുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടന്നുവരികയാണ്. ഇക്കാര്യത്തിൽ താമസിയാതെ ഒരു തീരുമാനമെടുക്കുന്നതായിരിക്കും.

(3) പാക്കിസ്ഥാൻ തീവ്രവാദികൾ കാശ്മീരിൽ സിക്കുകാരെ കൊല ചെയ്തത് സംബന്ധിച്ച്

ശ്രീ. പി. രാഘവൻ : സർ, വളരെ ദാരുണമായ ഒരു സംഭവത്തെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അതിക്രൂരവും പൈശാചികവും മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതുമായ ഒരു സംഭവമാണ് കഴിഞ്ഞ തിങ്കളാഴ്ച രാത്രി കാശ്മീരിലുണ്ടായത്. പിറ്റേ ദിവസത്തെ പത്രമാദ്ധ്യമങ്ങളെല്ലാം ഈ ദാരുണമായ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീനഗറിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

80 കിലോമീറ്റർ ദൂരെയുള്ള തെക്കൻ കാശ്മീർ ഗ്രാമത്തിലാണ് ഈ അക്രമം അരങ്ങേറിയത്. പട്ടാള യൂണിഫോറം ധരിച്ച നാല്പതോളം ആയുധധാരികൾ വീടുകളിൽ കയറി പുരുഷന്മാരെ പുറത്തിറക്കി നിരനിരയായി നിർത്തിയതിനുശേഷം ഓരോരുത്തരെയായി വെടിവച്ച് കൊല്ലുകയാണുണ്ടായത്. കൂടുംബാംഗങ്ങളെല്ലാം നോക്കിൽനിൽക്കെയാണ് ഈ പ്രീയപ്പെട്ടവരെ ഭീകരവാദികളായ കൊലയാളികൾ വെടിയുണ്ടയ്ക്ക് ഇരയാക്കിയത്. കാശ്മീർ ജനതയാകെ ഹോളി ആഘോഷിക്കുമ്പോഴാണ് സിക്ക് ജനവിഭാഗത്തിൽപ്പെട്ട 35 പേരെ അതിക്രൂരമായി കൊല ചെയ്തത്. പാക്കിസ്ഥാന്റെ സഹായത്തോടെയാണ് ഭീകരവാദികൾ ഈ കൊടുംക്രൂരത കാട്ടിയത്. നമ്മുടെ രാഷ്ട്രീയത്തിന്റെ അഖണ്ഡതയെത്തന്നെ ചോദ്യം ചെയ്യുന്ന ഒരു സംഭവമാണിത്. പൈശാചികവും മനുഷ്യ മനസ്സാക്ഷിയെത്തന്നെ ചോദ്യം ചെയ്യുന്ന സംഭവമാണ് നടന്നത്. ഈ സംഭവത്തിൽ സഭയ്ക്കുള്ള ഉത്കണ്ഠ രേഖപ്പെടുത്തുകയും ഭീകര തീവ്രവാദികളുടെ നടപടിയെ ശക്തമായി അപലപിക്കുകയും നിരപരാധികളായ സഹോദരന്മാരുടെ മരണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ജമ്മുകാശ്മീരിലെ അനന്തനാഗ് ജില്ലയിൽ കഴിഞ്ഞ രാത്രി പാക്കിസ്ഥാൻ തീവ്രവാദികൾ 35 സിക്കുകാരെ കൂട്ടക്കൊല ചെയ്തു. അത്യന്തം ദാരുണമായ ഈ സംഭവത്തെ ശക്തമായി അപലപിക്കുകയും ഈ സഭയുടെ ഉത്കണ്ഠയും അനുശോചനവും രേഖപ്പെടുത്തുകയും ചെയ്യുന്നു.

(4) ഹരിപ്പാട് മണ്ഡലത്തിലെ ടൂറിസം വികസനം

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, അനന്തമായ ടൂറിസം സാദ്ധ്യതയുള്ള ഹരിപ്പാട് മണ്ഡലത്തിൽ ടൂറിസം വികസനത്തിനുവേണ്ടി അവിടത്തെ എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ തന്നെ അവിടത്തെ ജനങ്ങളുമായി ചർച്ച ചെയ്ത് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഗവൺമെന്റിൽ കൊടുത്തിട്ടുണ്ട്. വിസ്തൃതമായ കടലോരവും നിരവധി കായലോരങ്ങളും തെങ്ങിൻ തോപ്പുകളും കൊണ്ട് പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു പ്രദേശമാണ് ഹരിപ്പാട്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്നുകൂടി വിശേഷിപ്പിക്കാവുന്ന ഒരു പ്രദേശമാണ് ഹരിപ്പാട്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, എ. ആർ. രാജ രാജ വർമ്മ, ബഹുഭാഷാപണ്ഡിതൻ ശേഷാദ്രി അയ്യർ, സംഗീത സാമ്രാട്ട് സ്വാതിതിരുനാളിന്റെ ഗുരു കൊച്ചുപിള്ള വാര്യർ, കഥകളി ആചാര്യൻ രാമകൃഷ്ണപിള്ള തുടങ്ങി നിരവധി സാംസ്കാരിക നായകന്മാർക്ക് ജന്മംകൊടുത്ത പ്രദേശമാണ് ഹരിപ്പാട്. ഇത് കേരളത്തിന്റെ ഒരു ക്ഷേത്ര നഗരം കൂടിയാണ്. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ശ്രീ. സുബ്രഹ്മണ്യ ക്ഷേത്രം, ഇൻഡ്യയിലെതന്നെ പ്രസിദ്ധമായ നാഗരാജ ക്ഷേത്രമായ മണ്ണാർശാല ക്ഷേത്രം, കാർത്തികപള്ളിയിലെ ക്രൈസ്തവ ദേവാലയങ്ങൾ, അറവുകാട്ടെയും പാനൂരിലേയും പ്രസിദ്ധമായ മുസ്ലീം ദേവാലയങ്ങൾ തുടങ്ങി മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിൽക്കുന്ന നിരവധി ആരാധനാലയങ്ങൾ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly